**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 309** **17-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നൽകിയ നിവേദനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | വയനാട് ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയ്ക്കും, സംസ്ഥാനത്തെ എം. പി. മാരുടെ സംഘത്തോടൊപ്പം ആഭ്യന്തരമന്ത്രിയ്ക്കും നിവേദനം നൽകിയിട്ടുണ്ടോ; നിവേദനത്തിലെ ആവശ്യങ്ങൾ വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ സംഭവിച്ച ഉരുൾപൊട്ടൽ ദുരന്തം 'അതിതീവ്ര ദുരന്തം' ആയി പ്രഖ്യാപിക്കണമെന്നും ദേശീയ ദുരന്തമായി നോട്ടിഫൈ ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 06.08.2024 നും 10.08.2024 നും ബഹു. പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു.<br><br>കേരളത്തിൽ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ അഡ്വാൻസ്ഡ് റീജിയണൽ സെന്റർ, ഇന്ത്യാ കാലാവസ്ഥാ വകുപ്പ്, നാഷണൽ സീസ്മിക് സെന്റർ, ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷൻ ഇൻഫർമേഷൻ സർവീസസ് എന്നിവയുടെ പ്രത്യേക ശാസ്ത്രീയ കേന്ദ്രങ്ങളും പ്രാദേശിക ഓഫീസുകളും സ്ഥാപിക്കണമെന്നും നിവേദനത്തിൽ ആവശ്യപെട്ടിട്ടുണ്ട്.<br><br>കൂടാതെ, 2015-ൽ കോട്ടയത്ത് സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് ഇപ്പോഴും പ്രാരംഭ ഘട്ടത്തിലാണെന്നും, ഗവേഷണശേഷി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ആവശ്യമുണ്ടെന്നും, മേപ്പാടി ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഗൗരവവും അതിന്റെ ദൂരവ്യാപകമായ പ്രതിഫലനങ്ങളും പരിഗണിച്ചുകൊണ്ട്, കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങളെ കേരള സർക്കാരുമായി സഹകരിക്കാൻ നിർദ്ദേശിക്കണമെന്നും പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം, അടിയന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ദീർഘകാല കാലാവസ്ഥാ മാറ്റ അനുയോജ്യ പദ്ധതികൾ നടപ്പാക്കുന്നതിനും സംസ്ഥാനത്തിന് ധനസഹായം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കാലയളവിനുള്ളിൽ രണ്ടുതവണ എൻ.ഡി.ആർ.എ.യിൽ നിന്നും മറ്റ് സംസ്ഥാനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടും കേരളത്തെ തുടർച്ചയായി അവഗണിക്കുന്നത് ഫെഡറൽ തത്വങ്ങൾക്ക് തന്നെ നിരക്കാത്തതാണെന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വയനാട് മേപ്പാടി ദുരന്തത്തിന്റെ സാഹചര്യത്തിൽ കേരളം പലതവണ ആവശ്യപ്പെട്ടിട്ടും പ്രത്യേക ധനസഹായം അനുവദിക്കപ്പെട്ടിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. ഈ സമീപനത്തിൽ മാറ്റം വരുമെന്ന പ്രതീക്ഷയാണ് സർക്കാരിനുള്ളത്. |
| (സി) | ധനകാര്യകമ്മീഷൻ സംസ്ഥാനത്തിന് ഏറ്റവും കുറഞ്ഞ വിഹിതം പ്രഖ്യാപിക്കുന്നതും കേന്ദ്ര ബജറ്റിൽ കേരളത്തോട് അനീതി പുലർത്തുന്നതും നികുതി വിഹിതം കുറയ്ക്കുന്നതും, സംസ്ഥാനത്തിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം തുടർ നടപടികൾക്കാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവും, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതും സംസ്ഥാനത്ത് പണഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്. പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ (SPVs) എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയ കേന്ദ്രസർക്കാർ നിലപാടുകളും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കത്തിന് കാരണമായി.<br><br>സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും പദ്ധതി ചെലവുകൾക്കു മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തി കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ